**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം.**

വിഷയം :- ആ.വ.ഡ – ജീവനക്കാര്യം – ഓഫീസ് അറ്റൻഡന്റ്–അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും അന്തർജില്ലാ സ്ഥലം മാറ്റത്തിനായി ലഭിച്ച അപേക്ഷകൾ

2. ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും അന്തർജില്ലാ സ്ഥലം മാറ്റത്തിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

**ഉത്തരവ് നം. ഇ.എഫ് 1–11930/2022/ആ.വ.ഡ. തീയതി. 16.12.2022**

മേൽ പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഓഫീസ് അറ്റൻഡന്റുമാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും<br>നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | അനുവദിക്കുന്ന ജില്ല |
|---|---|---|
| 1. | ശ്രീ.ഷബീർ അലി<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,<br>തൈക്കാട്, തിരുവനന്തപുരം | കൊല്ലം |
| 2. | ശ്രീമതി.വിഷ്ണുപ്രിയ.കെ.ആർ.<br>പ്രാഥമികാരോഗ്യകേന്ദ്രം<br>പൂമാല, ഇടുക്കി | ആലപ്പുഴ |
| 3. | ശ്രീമതി.ഷീജ.പി.<br>പ്രാഥമികാരോഗ്യകേന്ദ്രം<br>ബേഗൂർ, വയനാട് | എറണാകുളം |
| 4. | ശ്രീമതി.രാധ.പി.<br>ജില്ലാ ആശുപത്രി<br>പെരിന്തൽമണ്ണ, മലപ്പുറം | പാലക്കാട് |
| 5. | ശ്രീമതി.ബിന്ദു.വി.പി.<br>സാമൂഹികാരോഗ്യകേന്ദ്രം<br>വാരപ്പെട്ടി, എറണാകുളം | കോട്ടയം |
| 6. | ശ്രീമതി.സുനിത.എം.കെ.<br>പ്രാഥമികാരോഗ്യകേന്ദ്രം<br>പെരിങ്ങളം, കണ്ണൂർ | കോഴിക്കോട് |

സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതമായ നിയമനം നൽകേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നുള്ള നിയമന ഉത്തരവ് ലഭ്യമായതിനു ശേഷം മാത്രം ജീവനക്കാരെ ഓഫീസ് മേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്ത തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

0825782 GOVERNMENT OF KERALA

മേൽ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന ജില്ലയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ആ ജില്ലയിലെ ഏറ്റവും ജൂനിയറായ ഓഫീസ് അറ്റൻഡന്റിനേക്കാൾ ജൂനിയറായി കണക്കാക്കേണ്ടതാണ്. കൂടാതെ സ്ഥാപനമേധാവികൾ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കു വിധേയമായി സ്ഥലംമാറ്റം നേടിയ ജീവനക്കാരുടെ സേവനപുസ്തകത്തിൽ വേണ്ടത്ര രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ /പ്രവേശന നടപടികൾക്ക് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ശോഭ.വി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ / കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോട്ടയം, കോഴിക്കോട്
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ വെബ് സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്

എ.എസ്.19/12/22

0825783 GOVERNMENT OF KERALA